ഉത്തരം

(എ) മഞ്ചേരി ജില്ലാ ഗവൺമെന്റ് ആശുപത്രിയിലെ മെഡിക്കൽ ആഫീസർ ഡോക്ടർ മുഹമ്മദ് അഷ്റഫ്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

80 (1676) ഏനാത്ത് മഹാദേവർ ക്ഷേത്രത്തിലെ പഞ്ചലോഹ വിഗ്രഹ കവർച്ച

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ താലൂക്കിൽ ഏഴംകുളം പഞ്ചായത്തിൽ ഏനാത്ത് മഹാദേവർ ക്ഷേത്രത്തിൽനിന്നും പഞ്ചലോഹവിഗ്രഹം കവർച്ച ചെയ്തത് സംബന്ധിച്ച് അടൂർ പോലീസ് എടുത്ത കേസിന്റെ അന്വേഷണം ഏതു ഘട്ടം വരെ എത്തി.

(ബി) പ്രസ്തുത കേസ്സിലെ പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അടൂർ പോലീസിൽ നിന്നും കോട്ടയം ക്രൈംബ്രാഞ്ച് കേസ്സ് ഏറ്റെടുത്ത് ഊർജ്ജിതമായി അന്വേഷിച്ചു വരുന്നു.

(ബി) പ്രതികൾ ആരെന്ന് വെളിവായിട്ടില്ലാത്തതിനാൽ ആരേയും അറസ്റ്റ് ചെയ്തിട്ടില്ല.

81 (1677) തിരുവനന്തപുരം നഗരത്തിൽ പോലീസ് റോന്തു ചുറ്റൽ

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ഇപ്പോൾ ഏതൊക്കെ സ്ഥലങ്ങളിൽ രാത്രി എത്ര സമയംവരെ പോലീസ് റോന്തുചുറ്റൽ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിൽ രാത്രികാലങ്ങളിലെ ക്രമസമാധാന രംഗം ഭദ്രമാക്കുന്നതിന് പോലീസ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തമ്പാനൂർ ബസ് സ്റ്റാന്റ് മുതൽ കിഴക്കേക്കോട്ട ബസ് സ്റ്റാന്റു വരെ ഇപ്പോൾ രാത്രി മുഴുവൻ സമയവും പോലീസ് റോന്തു ചുറ്റൽ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) നഗരത്തിൽ രാത്രികാല പോലീസ് റോന്തുചുറ്റൽ ഊർജ്ജിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ എല്ലാ സ്ഥലങ്ങളിലും രാത്രി കാലങ്ങളിൽ പോലീസ് റോന്തു ചുറ്റൽ നടക്കുന്നുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിൽ രാത്രികാലങ്ങളിലെ ക്രമസമാധാനരംഗം ഭദ്രമാക്കുന്നതിന് പോലീസ് നൈറ്റ് പട്രോളിംഗ് ഫ്ളയിംഗ് സ്കാഡുകൾ, റാപ്പിഡ് ആക്ഷൻ പട്രോളിംഗ് സിസ്റ്റം, പാന്തർ പട്രോളിംഗ്, 24 മണിക്കൂറും പ്രവർത്തിക്കുന്ന ക്രൈം സ്റ്റോപ്പർ സംവിധാനം, പേജർ സിസ്റ്റം, കോമ്പിംഗ് ഓപ്പറേഷൻ എന്നിവയ്ക്കു പുറമേ പൊതുജന ബോധവൽക്കരണത്തിനായി സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്.

(സി) തമ്പാനൂർ മുതൽ കിഴക്കേക്കോട്ട വരെ രാത്രി മുഴുവൻ സമയവും പോലീസ് റോന്തുചുറ്റൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇപ്പോൾ നഗരത്തിൽ സിറ്റി പോലീസ് കൺട്രോൾ റൂമിൽ നിന്നും എല്ലാ സ്ഥലങ്ങളിലും രാത്രികാലങ്ങളിൽ ഫ്ളയിംഗ് സ്കാഡുകളും, റാപ്പിഡ് ആക്ഷൻ പട്രോളിംഗ് സിസ്റ്റവും റോന്തുചുറ്റി കുറ്റകൃത്യങ്ങൾ തടയുന്നുണ്ട്. കൂടാതെ ഒരു സി.ഐ. യുടെ നേതൃത്വത്തിൽ പാന്തർ പട്രോളിംഗും എല്ലാ സ്റ്റേഷനുകളിൽ നിന്നും പോലീസ് പട്രോളിംഗും ഏർപ്പെടുത്തിയിട്ടുള്ളതിനു പുറമേ നഗരത്തിലെ എല്ലാ സ്ഥലങ്ങളിലും ശക്തമായ റോന്തുചുറ്റൽ ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യമെന്നു കണ്ടാൽ കൂടുതൽ പോലീസിനെ റോന്തുചുറ്റലിന് വിനിയോഗിക്കുന്നതാണ്.

82 (1679) ട്രാഫിക് വാർഡൻമാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ ട്രാഫിക് വാർഡൻമാരായി എത്ര പേരെ നിയമിച്ചിരുന്നു;

(ബി) അതിൽ എത്രപേർ ഇപ്പോൾ ട്രാഫിക് വാർഡൻമാരായി സേവനം അനുഷ്ഠിക്കുന്നുണ്ട്;

(സി) മറ്റുള്ളവർ പിരിഞ്ഞുപോകാനുള്ള കാരണമെന്താണ്;

(ഡി) ഇപ്പോഴുള്ള ട്രാഫിക് വാർഡൻമാരുടെ ജോലിസ്വഭാവം എന്താണ്;

(ഇ) അവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തെന്നു വിശദീകരിക്കുമോ;

(എഫ്) ഇവർക്ക് ദിവസക്കൂലി അടിസ്ഥാനത്തിലുള്ള വേതനമെങ്കിലും നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 51 (അൻപത്തി ഒന്ന്)

(ബി) 29 (ഇരുപത്തി ഒൻപത്)

(സി) ട്രാഫിക് വാർഡൻമാരെ തിരുവനന്തപുരം സിറ്റിയിലെ ചില സ്വകാര്യ സ്ഥാപനങ്ങളും സ്കൂളുകളും, ബാങ്കുകളുമാണ് സ്പോൺസർ

LIBRARY ARCHIVES Kerala Legislative Assembly